# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3750

20-06-2019 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ ലഭ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തന - ത്തിന്റെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണ- ത്തിന് ആവശ്യമായ കരിങ്കല്ലിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും തുറമുഖ പദ്ധതിയുടെ പ്രധാന ഘടകമാണ് 3100 മീറ്റർ നീളമുള്ള പുലിമുട്ട്. ഇതിനായി 65 ലക്ഷം ടൺ പാറയാണ് ആവശ്യമായിട്ടുള്ളത്. നാളിതുവരെ 565 മീറ്റർ നീളം പുലിമുട്ട് മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിക്ക് ആവശ്യമായ കല്ല് കണ്ടെത്തേണ്ടത് കരാർ പ്രകാരം അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേക്ക് വേണ്ട അനുമതികൾ നൽകൽ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് സർക്കാർ ചെയ്തു കൊടുക്കേണ്ടത്. പദ്ധതിക്ക് ആവശ്യമായ കരിങ്കല്ല് സംസ്ഥാനത്തിനകത്ത് നിന്നും ഇതര സംസ്ഥാന- ങ്ങളിൽ നിന്നും കണ്ടെത്താനാകുമെന്നാണ് അദാനി കമ്പനി അറിയി ച്ചിരിക്കുന്നത്.<br>കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ നിന്നും പാറ ഖനനം ചെയ്യുന്നതിനുള്ള നടപടികളു മായിട്ടാണ് അദാനി കമ്പനി ഇപ്പോൾ മുന്നോട്ട് പോകുന്നത്. ഇതിൽ കാലതാമസം വരാതിരിക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ചും ത്വരിതഗതിയിൽ അനുമതികൾ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തുന്നുണ്ട് |
| (ബി) | ഇതിനായി ഏതൊക്കെ സ്ഥലങ്ങളിലുള്ള ക്വാറികളാണ് തെരഞ്ഞെടുത്തത് ; | |
| (സി) | അവിടെ നിന്നും കരിങ്കല്ല് പൊട്ടിക്കുവാനുള്ള അനുമതിയും പരിസ്ഥിതി ക്ലിയറൻസും നൽകുന്ന- തിൽ കാലതാമസം വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി 21 ക്വാറികൾ പ്രവർത്തന ക്ഷമമാക്കാനാണ് അദാനി കമ്പനി ശ്രമിക്കുന്നത്. ഇതിനു വേണ്ടി റവന്യൂ, മൈനിംഗ് & ജിയോളജി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ട്. മാത്രമല്ല, പല ഘട്ടങ്ങളിലും പൊതുജനാഭിപ്രായം തേടുകയും, അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുമായിട്ടുണ്ട്. ഇതിന് |

| | | |
|---|---|---|
| (ഡി) | എങ്കിൽ അത് വേഗത്തി - ലാക്കി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | ബന്ധപ്പെട്ട ചട്ടങ്ങളിൽ നിശ്ചിത സമയപരിധി നിഷ്കർഷി-ച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അനുമതികൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു സമാന്തരമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങളും അദാനി കമ്പനി നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**